## പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (ഭരണവിഭാഗം, തിരുവനന്തപുരം) നടപടിക്രമം

വിഷയം:- പൊ.മ.വ - ജീവനക്കാര്യം- 19-02-2009 മുതൽ 31-12-2011 വരെയുള്ള യു.ഡി.ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി .ഉഷാദേവി.പി.എ-യെ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. 24/11/2010 ലെ ഉത്തരവ് നമ്പർ SC2/3919/2010
2. 14/02/2013 ലെ ഉത്തരവ് നമ്പർ SC2/24486/2011
3. 21/07/2015 ലെ ഉത്തരവ് നമ്പർ EE1/22353/2012(1) Vol.II
4. 12/10/2017 ലെ ഉത്തരവ് നമ്പർ SC-2/89/2012
5. ശ്രീമതി.ഉഷാദേവി.പി.എ യുടെ അപേക്ഷ
6. 12/10/2017 ലെ നോട്ടീസ് നം. എസ്സ്.സി.2/89/2012 Part.I

ഉത്തരവ് നമ്പർ എസ്സ്.സി.2/89/2012 Part.I തീയതി 18/01/2018

സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച 01/01/2007 മുതൽ 31/12/2008 വരെയുള്ള എൽ.ഡി.ടൈപ്പിസ്റ്റിന്റെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.ഉഷാദേവി.പി.എ യെ ക്രമ നമ്പർ 1(എ) ആയും ശ്രീമതി. കെ. എം. രാധയെ 1(ബി) ആയും ക്രമപ്പെടുത്തി സൂചന (2) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സൂചന (3) പ്രകാരം ശ്രീമതി.ഉഷാദേവി.പി.എയ്ക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നെങ്കിലും സൂചന (4) പ്രകാരമുള്ള 19/02/2009 മുതൽ 31/12/2011 വരെയുള്ള യു.ഡി.ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെട്ടിട്ടില്ല. ഇത് കാണിച്ച് സൂചന (5) പ്രകാരം ശ്രീമതി.ഉഷാദേവി.പി.എ അപേക്ഷ സമർപ്പിക്കുകയുണ്ടായി. മേൽ വിഷയം പരിശോധിച്ച ശേഷം സൂചന (4) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 59-മതായിട്ടുള്ള ശ്രീമതി. രാധ.കെ.എം ന്റെ എൽ.ഡി.ടൈപ്പിസ്റ്റിലെ സീനിയോറിറ്റി നമ്പർ 1(എ) എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് 1(ബി) എന്ന് തിരുത്തുവാനും കൂടാതെ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ 58-ാം ക്രമനമ്പരിലുള്ള ശ്രീമതി.സുനീത.ടി.കെ (എൽ.ഡി.റ്റിയിലെ സീനിയോറിറ്റി 1) യുടേയും 59-ാം ക്രമനമ്പരിലുള്ള ശ്രീമതി. രാധ.കെ.എം (എൽ.ഡി.റ്റിയിലെ സീനിയോറിറ്റി 1-ബി) യുടേയും മദ്ധ്യേയായി ക്രമനമ്പർ 58(എ) എന്ന ക്രമത്തിൽ ഉൾപ്പെടുത്തുവാൻ താല്ക്കാലികമായി തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിൽ ആക്ഷേപം ക്ഷണിച്ചുകൊണ്ട് സൂചന (6) പ്രകാരം പൊതുമരാമത്തുവകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. നിശ്ചിത കാലയളവിനു ശേഷവും ആക്ഷേപമോ പരാതിയോ ഒന്നുംതന്നെ ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ പരാമർശിച്ച താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

| റാങ്ക് നമ്പർ | പേര് | ജനന തീയതി | സീനിയോറിറ്റി നമ്പർ (എൽ.ഡി. ടൈപ്പിസ്റ്റ്) | സ്ഥാനക്കയറ്റ ഉത്തരവ് നമ്പർ | സ്ഥാനക്കയറ്റ പ്രാബല്യ തീയതി |
|---|---|---|---|---|---|
| 58(A) | Usha Devi .P.A | 26/05/1964 | 1(A) | EE1/22353/2012(1) dtd. 21/07/2015 | 01/04/2011 |

ഒപ്പ്/

**എം. എൻ. ജീവരാജ്**
**ചീഫ് എഞ്ചിനീയർ**

സ്വീകർത്താവ്

ശ്രീമതി.ഉഷാദേവി. പി.എ (തിരുവല്ല പാലം ഉപവിഭാഗം അസി: എക്സി:എൻജിനീയർ മുഖാന്തിരം)

പകർപ്പ്

ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി ഐറ്റി.സെല്ലിലേക്ക്

ഭരണസഹായി (മിനിസ്റ്റീരിയൽ)/കരുതൽ

ഉത്തരവിൻ പ്രകാരം

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (പി. എഫ്)**